പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1199 07.06.2018-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത ഹൈവേക്ക് 2017 ജൂലൈയിൽ തത്വത്തിൽ ഭരണാനുമതി നൽകിയശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മലയോര ഹൈവേയുടെ നിർമ്മാണത്തിന് 10/07/2017 ലെ G.O(Rt) No. 942/2017/PWD നമ്പർ പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി 584.799 കി.മീ.നീളം വരുന്ന 22 പദ്ധതികൾ അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. മറ്റു പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആദ്യഘട്ടത്തിൽ മലയോര ഹൈവേയുടെ ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത് ; പ്രസ്തുത പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | ഇതുവരെ 294.877 കി.മീ.നീളം വരുന്ന 11 പദ്ധതികൾക്ക് കിഫ്ബി 878.49 കോടി രൂപയുടെ സാമ്പത്തിക അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 110.995 കി.മീ.വരുന്ന 4 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) സാങ്കേതികാനുമതി നൽകിയ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിനാണ് ടെൻഡർ നൽകിയത്; | (സി) | സാങ്കേതികാനുമതി നൽകിയ 4 പ്രവൃത്തികൾക്ക് ഇതിനകം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) മലയോര ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചോ;എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | G.O.(MS)No.44/2009/PWD എന്ന സർക്കാർ ഉത്തരവ് പ്രകാരം മലയോര ഹൈവേയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

Annexure to LA Question No.1199

## DETAILS OF HILL HIGHWAY PROJECTS APPROVED BY KIIFB

| Sl. No. | District | Project | Length of project approved (km) | Amount approved by KIIFB (Rs in Cr) | Remarks |
|---|---|---|---|---|---|
| 1 | TVPM | KIIFB Improvements to Hill Highway Kallikkadu to Parassala in Thiruvanathapuram District | 15.495 | 53.84 | Work tendered |
| 2 | TVPM | Improvements of Hill Highway from Kollayil Challimukku - Palode, Vithura Iruthalamoola, Aryanad - Kallikkadu Total length 21.080Km in Thiruvananthapuram District | 21.080 | 54.71 | |
| 3 | KLM | Development of Hill Highway in Kollam District: Punalur KSRTC Jn-Agasthyakode Alencherry Kulathupuzha-Madathara-Kollayil | 48.100 | 201.67 | Work tendered |
| 4 | IDK | Improvements To Hill Highway Between Ch: 0/000 To 19/000 -Kuttikkanam To Chappathu in Idukki District | 19.000 | 73.91 | |
| 5 | MLPM | Hill Highway - Widening and Providing BM & BC to Pookottumpadam - Moolepadam bridge Road in Nilambur & Eranad LACs, Malappuram district 20.5 Km | 20.500 | 49.50 | Sanction order not received |
| 6 | KKD | Hill Highway first reach Pullavai to Thottilpalam 0/000 to 28/000 in Kozhikkode District | 28.000 | 88.13 | Sanction order not received |
| 7 | WYND | Hill Highway-2nd Phase Kalpetta ConstituencyPachilakkad-Kainatty-Kalpetta Bypass-Meppadi-ChoorlamalaArunappuzhaImprovements to Mananthavady-Kalpetta Road from 24/600 to 30/800, Kalpetta Bypass | 16.750 | 57.78 | |
| 8 | KSGD | Improvements to the Hill highway road From Chevar to Edaparamba km 49.635 in Kasargode District | 49.675 | 77.04 | Sanction order not received |
| 9 | KSGD | Improvements to the Hill high way road From Nandarapadvu to Chevar at KM 0/000 to 23/000 in Kasaragod District | 23.000 | 54.76 | Work tendered |
| 10 | KSGD | KIIF-B-2017/18 IMPROVEMENTS TO HILL HIGHWAY KOLICHAL- CHERUPUZHA - ROAD KM 0/000 TO 31/200 BM & BC IN KASARAGOD DISTRICT | 28.877 | 82.00 | Sanction order not received |
| 11 | KSGD | Improvements to the Hill high way Kolichal – Edapparamba road at KM 0/000 to 24/400 in Kasaragod District | 24.400 | 85.15 | Work tendered |
| | | **TOTAL** | **294.877** | **878.49** | |

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - മലയോര പാതയുടെ - കാസറഗോഡ് മുതൽ തിരുവനന്തപുരം വരെ - പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (എച്ച്) വകുപ്പ്.

സ.ഉ. (എം.എസ്) നം: 44/2009/പൊ.മ.വ. തിരുവനന്തപുരം, തീയതി: 6-7-2009

---

പരാമർശം:- 1) ജി.ഒ.(ആർ.ടി) 13/05/പി.ഡബ്ല്യു.ഡി. തീയതി : 3-1-2005.
2) നാറ്റ്പാക് ഡയറക്ടറുടെ 21-5-09 -ലെ 101/HH/RRTD 2006/NATPAC നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിലെ നന്ദാരപദവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിന്റെ അലൈൻമെന്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ നാഷണൽ ട്രാൻസ്പോർട്ടേഷൻ, പ്ലാനിംഗ് ആന്റ് റിസർച്ച് സെന്ററിനെ (NATPAC) ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അപ്രകാരം കാസറഗോഡ് ജില്ലയിലെ നന്ദാരപദവ് മുതൽ പാലക്കാട് ടൗൺ വരെയും പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെയും രണ്ടു ഘട്ടങ്ങളായി നാറ്റ്പാക് മലയോര ഹൈവേയുടെ പഠനം നടത്തുകയുണ്ടായി.

മുകളിൽ വായിച്ച സർക്കാർ ഉത്തരവ് പ്രകാരം മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിന് നാറ്റ്പാക് സമർപ്പിച്ച അലൈൻമെന്റ് അംഗീകരിക്കുകയുണ്ടായി. ഒന്നാംഘട്ടത്തിൽ വയനാട് ജില്ലയെയും മലപ്പുറം ജില്ലയെയും ബന്ധിപ്പിക്കുന്ന ഏകദേശം 10 കിലോമീറ്റർ നീളം വരുന്ന അരുണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ലുവരെയുള്ള ഭാഗം വനഭൂമിയും നിലവിൽ റോഡുകൾ ഒന്നുംതന്നെ ഇല്ലാത്ത പ്രദേശങ്ങളുമായതിനാൽ അതുവഴിയുള്ള ഹൈവേക്ക് നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിരുന്നില്ല. പിന്നീട് പാലക്കാട് ടൗൺ മുതൽ കടുക്കറ വരെയുള്ള രണ്ടാംഘട്ടത്തിന്റെ പഠനം നടത്തി നാറ്റ്പാക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഒന്നാംഘട്ടത്തിലെ അരുണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ലുവരെയുള്ള ഭാഗം ബന്ധിപ്പിക്കുന്നതിന് വനപ്രദേശത്തിന പുറത്തുകൂടി ഒരു അലൈൻമെന്റും നാറ്റ്പാക് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. പുതുക്കിയ അലൈൻമെന്റ് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ മലയോ പ്രദേശങ്ങളുടെ വികസനത്തിന് പരമാവധി പ്രയോജനപ്പെടുന്നവിധം കഴിവതും നിലവിലുള്ള പാതകളെ കോർത്തിണക്കിയാണ് നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മലയോര ഹൈവേക്ക് അനുബന്ധമായി ചേർത്തിട്ടുള്ള അലൈൻമെന്റ് സർക്കാർ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ടോം ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും), തിരുവനന്തപുരം
ഡയറക്ടർ, നാറ്റ്പാക്,
ഡയറക്ടർ, പബ്ലിക് റിലേഷൻസ്,
ജനറൽ അഡ്മിനിസ്ട്രേഷൻ (എസ്.സി.) ഡിപ്പാർട്ട്മെന്റ്.
(വൈഡ് ഐറ്റം നം. 3422. തീയതി: 1-7-09.)

പകർപ്പ് :
പൊതുമരാമത്ത് (സി, ഡി, ജി, പിഎസ്) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള നിർദ്ദിഷ്ട മലയോര ഹൈവേയുടെ അലൈൻമെന്റ്

**കാസർഗോഡ്**

നന്ദാരപദവ്-പുത്തിഗെ-പെർള-ബദിയടുക്ക-മുള്ളേരിയ-അത്തിനടി-പാണ്ടി-പടിപ്പ്-ബന്ദടുക്ക-ഇരഞ്ഞിലംകോട്-കോളിച്ചാൽ-പതിനെട്ടാംമൈൽ-വള്ളിക്കടവ്-ചിറ്റാരിക്കൽ-ചെറുപുഴ.

**കണ്ണൂർ**

ചെറുപുഴ-മഞ്ഞക്കാട്-ആലക്കോട്-കരുവഞ്ചാൽ-താവുകുന്ന്-നടുവിൽ-ചെമ്പേരി-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടകരി-എടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മടപ്പുരച്ചാൽ-മണത്തണ-കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ് ടൗൺ.

**വയനാട്**

ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ-അഞ്ചുകുന്ന്-പനമരം-കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ.

**കോഴിക്കോട്**

ബോയിസ്ടൗൺ-വാളാട്-കുഞ്ഞോം-വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട്-കോടഞ്ചേരി-തിരുവമ്പാടി-കൂടരഞ്ഞി-കുമ്പാറ-കക്കാടംപൊയിൽ-വെളിയംതോട്.

**മലപ്പുറം**

അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടുംപാടം-കാളികാവ്-കേരളം-കിഴക്കേത്തല(കരുവാരക്കുണ്ട്)-തരിശു-പുൽവെട്ട-കരിങ്കൽത്തോണി-പൊൻപാറ.

**പാലക്കാട്**

പൊൻപാറ-എടത്തിനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്-ചന്ദ്രനഗർ(പാലക്കാട്-ടൗൺ)-കല്ലിങ്ങൽ-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കഞ്ചേരി.

**തൃശ്ശൂർ**

പട്ടിക്കാട്-വിലങ്ങന്നൂർ-മാന്ദാമംഗലം-പുലിക്കണ്ണി-പാലിപ്പിള്ളി-നായാട്ടുകുണ്ട്-വെള്ളികുളങ്ങര-വെറ്റിലപ്പാറ

**എറണാകുളം**

വെറ്റിലപ്പാല-അടിവാരം-കടപ്പാറ-ഇല്ലിത്തോട്-ചെട്ടിനട-പാണംകുഴി-പയ്യാൽ-കോട്ടപ്പടി-ചേലാട്-ഊഞ്ഞാപ്പാറ-നാടുകാണി-നേര്യമംഗലം-ആറാംമൈൽ-എളപ്ളാശ്ശേരി.

**ഇടുക്കി**

കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ-ഇരുട്ടുകാനം-കുഞ്ചിത്തണ്ണി-രാജാക്കാട്-കുത്തുങ്കര-തിങ്കൾക്കാട്-മൈലാടുംപാറ-നെടുങ്കണ്ടം-പുളിയന്മല-കട്ടപ്പന-ഏലപ്പാറ-കുട്ടിക്കാനം-മുണ്ടക്കയം.

കോട്ടയം

മുണ്ടക്കയം-എരുമേലി-പ്ലാച്ചേരി.

പത്തനംതിട്ട

റാന്നി-കുമ്പഴ-കോന്നി-പത്തനാപുരം.

കൊല്ലം

പത്തനാപുരം-പുനലൂർ-അഞ്ചൽ-കുളത്തൂപ്പുഴ-മടത്തറ-കൊല്ലായിൽ.

തിരുവനന്തപുരം

കൊല്ലായിൽ-പാലോട്-പെരിങ്ങമ്മല-തെന്നൂർ-വിതുര-തോട്ടുമുക്ക്-മലയടി-പറണ്ടോട്-ആര്യനാട്-കുറ്റിച്ചൽ-കള്ളിക്കാട്-വാഴിച്ചാൽ-അമ്പൂരി-കുടപ്പനമൂട്-ആനപ്പാറ-വെള്ളറട-കാരക്കോണം-പാറശ്ശാല.